ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 04-05-2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1.) നിയമസഭ തിരഞ്ഞെടുപ്പിൽ കേരളത്തിൽ യുഡിഎഫ് തരംഗം. 98 സീറ്റിൽ യുഡിഫും, 39 ഇടത്ത് എൽഡിഎഫും, 3 മണ്ഡലങ്ങളിൽ എൻഡിഎയും മുന്നിൽ.

**UDF wave in Kerala Assembly elections . The UDF is leading in 98 seats, the LDF in 39, and the NDA in 3 constituencies**

2) ജനവിധിയിൽ കാലിടറി മന്ത്രിമാർ. ശക്തികേന്ദ്രങ്ങളിൽ പിന്നിലായി എൽ ഡി എഫ്.

**The LDF is trailing even in its strongholds. Ministers stumble in the popular verdict**

3) പശ്ചിമബംഗാളിലും, അസമിലും വൻ മുന്നേറ്റം കാഴ്ചവച്ച് ബിജെപി. തമിഴ്നാട്ടിൽ മുന്നിലെത്തി ടി.വി.കെ. പുതുച്ചേരിയിൽ AINRC-ബിജെപി സഖ്യം മുന്നിൽ.

**BJP leading in West Bengal, Assam, NDA in Puducherry; TVK in Tamil Nadu. The AINRC-BJP alliance is ahead in Puducherry.**

4) ലിപുലേഖ് ചുരത്തിന്മേലുള്ള നേപ്പാളിൻറെ അവകാശവാദം തള്ളി ഇന്ത്യ.

**India rejects Nepal's objection to Kailash Mansarovar Yatra through Lipulekh pass, calls it unjustified.**

5) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് ലക്നൗ സൂപ്പർ ജയന്റ്സിനെ നേരിടും

**In IPL cricket today, Mumbai Indians will take on Lucknow Super Giants.**

&&&&&&&&&&&&&&&&&&

**HEADLINE-1**

**KERALA ELECTION**

നിയമസഭ തിരഞ്ഞെടുപ്പിൽ കേരളത്തിൽ യുഡിഎഫ് തരംഗം. 140 മണ്ഡലങ്ങളിൽ 98 ഇടത്തും യുഡിഎഫ് മുന്നേറ്റം തുടരുന്നു. 39 സീറ്റുകളിൽ എൽഡിഎഫും, 2 ഇടത്ത് എൻഡിഎ യും മുന്നിലാണ്. ഉറപ്പുള്ള എൽഡിഎഫ് കോട്ടകളെ വരെ ഇളക്കിക്കൊണ്ടാണ് യുഡിഎഫിൻറെ മുന്നേറ്റം.

&&&&&&&&&&&&&&&&&&

**HEADLINE-2**

**MINISTERS**

മുഖ്യമന്ത്രി പിണറായി വിജയൻ ധർമ്മടത്ത് ലീഡ് ചെയ്യുന്നു. പ്രതിപക്ഷനേതാവ് വി.ഡി സതീശൻ പറവൂരിൽ മുന്നിലാണ്. എൽഡിഎഫിന്റെ മന്ത്രിമാരിൽ കൊട്ടാരക്കരയിൽ കെ.എൻ.ബാലഗോപാലും ബേപ്പൂരിൽ മുഹമ്മദ് റിയാസും

നെടുമങ്ങാട് ജി.ആർ അനിലും ചെങ്ങന്നൂർ സജി ചെറിയാനും ചേർത്തലയിൽ പി. പ്രസാദും മാന്തവാടിയിൽ ഒ.ആർ കേളുവും ഒല്ലൂരിൽ കെ.രാജനുമാണ് ലീഡ് ചെയ്യുന്നത്. തൃത്താലയിൽ എം.ബി രാജേഷും, പത്തനാപുരത്ത് ഗണേഷ് കുമാറും, കളമശ്ശേരിൽ പി രാജീവും ചടയമംഗലത്ത് ചിഞ്ചുറാണിയും ഇരിഞ്ഞാലകുടയിൽ ആർ ബിന്ദുവും ഇടുക്കിയിൽ റോഷി അഗസ്റ്റിനും ആറന്മുളയിൽ വീണാ ജോർജും നേമത്ത് വി.ശിവൻകുട്ടിയും തിരൂരിൽ അബ്ദുറഹിമാനും എലത്തൂരിൽ എ.കെ. ശശീന്ദ്രനും പിന്നിലാണ്.

2021 ലെ നിയമസഭ തിരഞ്ഞെടുപ്പിൽ നേടിയ 99 സീറ്റുകളിൽ നിന്നാണ് എൽഡിഎഫ് 39 സീറ്റിലേക്ക് ചുരുങ്ങിയത്. യുഡിഎഫിന് 41 സീറ്റ് മാത്രമായിരുന്നു 2021 ലെ തിരഞ്ഞെടുപ്പിൽ ലഭിച്ചത്.

&&&&&&&&&&&&&&&&&&

**TVPM**

തിരുവനന്തപുരത്തെ 14 മണ്ഡലങ്ങളിൽ 7 ഇടത്ത് എൽഡിഎഫും ,5 സീറ്റിൽ യുഡിഎഫും നേമത്തും തിരുവനന്തപുരത്തും എൻഡിഎയും മുന്നിലാണ്. ബിജെപി സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ നേമത്ത് തുടക്കം മുതൽ ലീഡ് നിലനിർത്തുകയാണ്.

തിരുവനന്തപുരം, കഴക്കൂട്ടം, വട്ടിയൂർക്കാവ്, മണ്ഡലങ്ഹളിൽ ഇഞ്ചോടിഞ്ച് പോരാട്ടമാണ് നടക്കുന്നത്. അരുവിക്കര, ആറ്റിങ്ങൽ, നെടുമങ്ങാട്, വർക്കല, നെയ്യാറ്റിൻകര, പാറശാല, മണ്ഡലങ്ങളിൽ എൽഡിഎഫ് മുന്നിലാണ് . കാട്ടാക്കട, വാമനപുരം മണ്ഡലങ്ങളിൽ എൽഡിഎഫിനെ അട്ടിമറിച്ച് യുഡിഎഫ് മുന്നിലെത്തിയതിനൊപ്പം, കോവളം മണ്ഡലത്തിൽ കോൺഗ്രസിൻറെ സിറ്റിങ്ങ് എംഎൽഎ- എം വിൻസൻറ് ലീഡ് ഉയർത്തുകയാണ്.

&&&&&&&&&&&&&&&&&&

**PTA ALPY**

പത്തനംതിട്ട ജില്ലയിലെ 5 മണ്ഡലങ്ങളിൽ 4 ഇടത്ത് യുഡിഎഫും, ഒരു സീറ്റിൽ എൽഡിഎഫും മുന്നിലാണ്. അടൂർ, ആറന്മുള, റാന്നി, തിരുവല്ല

മണ്ഡലങ്ങളിൽ യുഡിഎഫ് മുന്നിലെത്തിയപ്പോൾ, കോന്നിയിൽ എൽഡിഫ് ലീഡ് ചെയ്യുകയാണ്.

ആലപ്പുഴ ജില്ലയിലെ 9 മണ്ഡലങ്ങളിൽ 6 ഇടത്ത് യുഡിഎഫും, 3 സീറ്റിൽ എൽഡിഎഫും മുന്നിൽ നിൽക്കുന്നു. ഹരിപ്പാട് മണ്ഡലത്തിൽ കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല മുന്നിലാണ്. അമ്പലപ്പുഴയിൽ യുഡിഎഫ് സ്ഥാനാർത്ഥി ജി സുധാകരൻ ലീഡ് ചെയ്യുന്നു. ആലപ്പുഴ, അരൂർ, കായംകുളം കുട്ടനാട് മണ്ഡലങ്ങളിലും യുഡിഎഫ് ആണ് മുന്നിൽ.

ചെങ്ങന്നൂർ, ചേർത്തല, മാവേലിക്കര മണ്ഡലങ്ങളിലാണ് എൽഡിഎഫ് മുന്നിലുള്ളത്.

കോട്ടയത്തെ 9 മണ്ഡലങ്ങളിൽ എട്ട് ഇടത്ത് യുഡിഎഫും, ഒരു സീറ്റിൽ എൽഡിഎഫും മുന്നിലാണ്. വൈക്കത്ത് മാത്രമാണ് എൽഡിഎഫിന് ലീഡ് നിലനിർത്താനായത്.

ഇടുക്കി ജില്ലയിലെ 5 മണ്ഡലങ്ങളിൽ 4 ഇടത്ത് യുഡിഎഫും, ഒരു സീറ്റിൽ എൽഡിഎഫും മുന്നിൽ നിൽക്കുന്നു. ദേവികുളത്ത് മാത്രമാണ് എൽഡിഎഫ് മുന്നിലുള്ളത്.

എറണാകുളം ജില്ലയിൽ യുഡിഎഫ് തരംഗമാണ്. 14 മണ്ഡലങ്ങളിൽ എല്ലായിടത്തും യുഡിഎഫ് ആണ് മുന്നിൽ.

തൃശൂർ ജില്ലയിലെ 13 മണ്ഡലങ്ങളിൽ 9 ഇടത്ത് എൽഡിഎഫും 4 സീറ്റിൽ യുഡിഎഫും, മുന്നിൽ നിൽക്കുന്നു. തൃശൂർ, ചാലക്കുടി, ഗുരുവായൂർ, കൊടുങ്ങല്ലൂർ മണ്ഡലങ്ങളിൽ യുഡിഎഫും മറ്റ് മണ്ഡലങ്ങളിൽ എൽഡിഎഫുമാണ് മുന്നിൽ.

&&&&&&&&&&&&&&&&&&

## KOLLAM (INTRO)

കൊല്ലം ജില്ലയിലെ 11 നിയമസഭാ മണ്ഡലങ്ങളിൽ 8 ഇടത്ത് യുഡിഎഫും 3 ഇടത്ത് എൽഡിഎഫും മുന്നിലാണ്. കൊട്ടാരക്കരയിൽ മന്ത്രി കെ എൻ ബാലഗോപാൽ മുന്നിലെത്തിയപ്പോൾ പത്തനാപുരത്ത് കെ ബി ഗണേഷ് കുമാർ പിന്നിലാണ്. യുഡിഎഫിലെ പി സി വിഷ്ണുനാഥ്, ബിന്ദു കൃഷ്ണ,

ജ്യോതികുമാർ ചാമക്കാല, ഷിബു ബേബി ജോൺ, എന്നിവരടക്കം ലീഡ് ചെയ്യുകയാണ്.

ജില്ലയിലെ ഏറ്റവും പുതിയ വോട്ടെണ്ണൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ ചേരുന്നു.

നീരജ് കൊല്ലത്തെ വോട്ടെണ്ണൽ എങ്ങനെ പുരോഗമിക്കുന്നു? പ്രമുഖർ മത്സരിക്കുന്ന മണ്ഡലങ്ങളിലെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ? (ഫോൺ ഇൻ)

(ഹോൾഡ്)

നന്ദി, നീരജ്

&&&&&&&&&&&&&&&&&&

**PKD KNR**

പാലക്കാട് ജില്ലയിലെ 12 മണ്ഡലങ്ങളിൽ 7 ഇടത്ത് യുഡിഎഫും, 5 ഇടത്ത് എൽഡിഎഫും മുന്നിൽ നിൽക്കുന്നു.

പാലക്കാട് മണ്ഡലത്തിൽ എൻഡിഎ സ്ഥാനാർത്ഥി ശോഭാ സുരേന്ദ്രനും യു ഡി എഫ് സ്ഥാനാർത്ഥി രമേഷ് പിഷാരടിയും തമ്മിൽ ഇഞ്ചോടിഞ്ച്മ പോരാട്ടമാണ് നടക്കുന്നത്. കൊങ്ങാട്, മണ്ണാർകാട്, തരൂർ, തൃത്താല മണ്ഡലങ്ങളിൽ യുഡിഎഫും മറ്റ് മണ്ഡലങ്ങളിൽ എൽഡിഎഫും മുന്നിലാണ്.

കോഴിക്കോട് ജില്ലയിലെ 13 മണ്ഡലങ്ങളിൽ 12 ഇടത്ത് യുഡിഎഫും, ഒരു സീറ്റിൽ എൽഡിഎഫും മുന്നിൽ നിൽക്കുന്നു. ബേപ്പൂരിൽ മാത്രമാണ് എൽഡിഎഫിന് മുന്നിലെത്താനായത്. കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ ബിജെപിയുടെ ടി രനീഷ് ആദ്യറൗണ്ടുകളിൽ മുന്നിലെത്തിയിരുന്നു.

കണ്ണൂരിലെ 11 മണ്ഡലങ്ങളിൽ 4 ഇടത്ത് യുഡിഎഫും, 7 സീറ്റിൽ എൽഡിഎഫും മുന്നിൽ നിൽക്കുന്നു. ഇരിക്കൂർ, കണ്ണൂർ, പയ്യന്നൂർ,

പേരാവൂർ മണ്ഡലങ്ങളിലാണ് യുഡിഎഫ് മുന്നിൽ. ധർമ്മടത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ആദ്യ റൌണ്ടുകളിൽ പിന്നിലായിരുന്നു.

വയനാട്ടിലെ 3 മണ്ഡലങ്ങളിൽ മൂന്നിടത്തും യുഡിഎഫ് ആണ് ലീഡ് ചെയ്യുന്നത്.

&&&&&&&&&&&&&&&&&&

## MALAPPURAM (INTRO)

മലപ്പുറം ജില്ലയിൽ യുഡിഎഫ് തരംഗമാണ് കാണാനാവുന്നത്. 16 മണ്ഡലങ്ങളിൽ എല്ലായിടത്തും യുഡിഎഫ് ലീഡ് ചെയ്യുകയാണ്. ഇടത് കോട്ടയായ പൊന്നാനിയിലടക്കം യുഡിഎഫ് മുന്നിലാണ്.

മലപ്പുറത്ത് നിന്നും കൂടുതൽ തിരഞ്ഞെടുപ്പ് വിശേഷങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി സുരേഷ് ബാബു ചേരുന്നു...

സുരേഷ്, ജില്ലയിൽ യുഡിഎഫ് തരംഗമാണല്ലോ കാണാനാവുന്നത്. പ്രതീക്ഷിച്ച ഫലം തന്നെയാണോ ജില്ലയിൽ ഉണ്ടായത്? (ഫോൺ ഇൻ)

(ഹോൾഡ്)

എന്താണ് ഈ മുന്നേറ്റത്തിന് പിന്നിൽ പ്രവർത്തിച്ചത് ?

നന്ദി, സുരേഷ്..

&&&&&&&&&&&&&&&&&&

## KASARGODE (INTRO)

കാസർഗോഡ് ജില്ലയിലെ അഞ്ച് മണ്ഡലങ്ങളിൽ 3 ഇടത്ത് എൽഡിഎഫും 2 ഇടത്ത് യുഡിഎഫും ലീഡ് ചെയ്യുന്നു. മഞ്ചേശ്വരം, കാസർഗോഡ്,

ഉദുമ മണ്ഡലങ്ങളിൽ യുഡിഎഫ് ആണ് മുന്നിൽ. മഞ്ചേശ്വരം, കാസർഗോഡ് മണ്ഡലങ്ങളിൽ എൻഡിഎ ഇഞ്ചോടിഞ്ച് പോരാട്ടമാണ് മുന്നോട്ട് വയ്ക്കുന്നത്. തൃക്കരിപ്പൂർ, കാഞ്ഞങ്ങാട് മണ്ഡലങ്ങളിൽ എൽഡിഎഫ് ആണ് മുന്നിൽ.

കാസർകോട് ജില്ലയിലെ ഏറ്റവും പുതിയ തിരഞ്ഞെടുപ്പ് വിശേഷങ്ങളുമായി ആകാശവാണി കാസർകോട് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ ചേരുന്നു.

ജഗന്നിവാസൻ, ഏറ്റവും പുതിയ വോട്ടെണ്ണൽ വിശേഷങ്ങൾ പങ്കുവയ്ക്കാമോ?

(ഹോൾഡ് വോയ്സ്.......)

&&&&&&&&&&&&&&&&&

**TN Election**

തമിഴ്നാട്ടിലെ 234 മണ്ഡലങ്ങളിൽ 104 ഇടത്തും ടിവികെ ആണ് മുന്നിൽ. AIADMK സഖ്യം 64 സീറ്റിലും 45 സീറ്റിൽ ഡിഎംകെ സഖ്യവും 5 ഇടത്ത് കോൺഗ്രസ്സും ലീഡ് ചെയ്യുന്നു.

&&&&&&&&&&&&&&&&&

**HEADLINE-3**

**WB**

പശ്ചിമബംഗാളിൽ വോട്ടെണ്ണൽ നടക്കുന്ന 293 മണ്ഡലങ്ങളിൽ 173 ഇടത്ത് ബിജെപി മുന്നിലാണ്. തൃണമൂൽ കോൺഗ്രസ് 90 മണ്ഡലങ്ങളിൽ ലീഡ് ചെയ്യുന്നു.

അസമിലെ 126 സീറ്റുകളിൽ 98 ഇടത്ത് ബിജെപി സഖ്യം ലീഡ് ചെയ്യുന്നു. 26 ഇടത്ത് കോൺഗ്രസ് സഖ്യം മുന്നിലാണ്.

&&&&&&&&&&&&&&&&&

**PUDUCHERY**

പുതുച്ചേരിയിൽ ആറു കേന്ദ്രങ്ങളിലായി 30 നിയമസഭാ മണ്ഡലങ്ങളിലെ വോട്ടെണ്ണൽ പുരോഗമിക്കുമ്പോൾ AINRC 9 ഇടത്ത് മുന്നിട്ട് നിൽക്കുന്നു . ബിജെപി 2 സീറ്റുകളിലും DMK , ADMK, INC , എന്നിവർ ഓരോ സീറ്റിലും മുന്നിലാണ്. മുഖ്യമന്ത്രിയും AINRC സ്ഥാനാർത്ഥിയുമായ N രംഗസാമി 4,441 വോട്ടിന് വിജയിച്ചു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**KASARGODE (INTRO)**

കാസർഗോഡ് ജില്ലയിലെ അഞ്ച് മണ്ഡലങ്ങളിൽ 3 ഇടത്ത് എൽഡിഎഫും 2 ഇടത്ത് യുഡിഎഫും ലീഡ് ചെയ്യുന്നു. മഞ്ചേശ്വരം, കാസർഗോഡ്, ഉദുമ മണ്ഡലങ്ങളിൽ യുഡിഎഫ് ആണ് മുന്നിൽ. മഞ്ചേശ്വരം, കാസർഗോഡ് മണ്ഡലങ്ങളിൽ എൻഡിഎ ഇഞ്ചോടിഞ്ച് പോരാട്ടമാണ് മുന്നോട്ട് വയ്ക്കുന്നത്. തൃക്കരിപ്പൂർ, കാഞ്ഞങ്ങാട് മണ്ഡലങ്ങളിൽ എൽഡിഎഫ് ആണ് മുന്നിൽ.

കാസർകോട് ജില്ലയിലെ ഏറ്റവും പുതിയ തിരഞ്ഞെടുപ്പ് വിശേഷങ്ങളുമായി ആകാശവാണി കാസർകോട് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ ചേരുന്നു.

ജഗന്നിവാസൻ, ഏറ്റവും പുതിയ വോട്ടെണ്ണൽ വിശേഷങ്ങൾ പങ്കുവയ്ക്കാമോ?

(ഹോൾഡ് വോയ്സ്.......)

&&&&&&&&&&&&&&&&&&

## HEADLINE-4

### LIPULEKH PASS

ലിപുലേഖ് ചുരത്തിന്മേലുള്ള നേപ്പാളിൻറെ അവകാശവാദം തള്ളി ഇന്ത്യ. 1954 മുതൽ കൈലാസ് മാനസസരോവർ യാത്രയ്ക്കായി ഉപയോഗിക്കുന്ന പാതയാണിതെന്നും ദശാബ്ദങ്ങളായി ഈ പാതയിലൂടെയാണ് തീർത്ഥാടനം നടക്കുന്നതെന്നും ഇന്ത്യ വ്യക്തമാക്കി. കൈലാസ മാനസസരോവർ യാത്രയുമായി ബന്ധപ്പെട്ട് നേപ്പാൾ വിദേശകാര്യ മന്ത്രാലയം ഉന്നയിച്ച അതിർത്തി തർക്കങ്ങൾക്കുള്ള മറുപടിയായാണ് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ഇക്കാര്യം അറിയിച്ചത്.

&&&&&&&&&&&&&&&&&&

## HEADLINE-5

### I P L

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് ലക്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ രാത്രി 7.30നാണ് മത്സരം.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&